# പള്ളിക്കൂദാശാക്കാലം

## വചന വിചിന്തനം

### മൂന്നാം ഞായർ

### യോഹ 2,13-22

### 16/11/2014

"ദേഹം ദേവാലയമാണ്" (ഹോസിയ 6,6)

ഒരു സമൂഹത്തിന്റെ മനഃസാക്ഷിയുടെ കാവൽപുരയാണ് ദേവാലയം. ദേവാലയം വിശുദ്ധമാണെങ്കിൽ സമൂഹവും വിശുദ്ധമായിരിക്കും. കാരണം, ദേവാലയത്തെ വിശുദ്ധമായി കാത്തുസൂക്ഷിക്കുന്ന ഒരു സമൂഹത്തിന് എങ്ങനെ തങ്ങളെത്തന്നെ മലിനമാക്കാൻ സാധിക്കും. മലമുകളിലെ പ്രകാശഗോപുരമായി മറ്റപ്പെടേണ്ടതാണ് ഒരോ ദേവാലയവും. കാരണം, സമൂഹത്തിന്റെ ജീർണതകൾ പരിഹരിച്ച്, സമൂഹത്തെ പ്രകാശത്തിന്റെ പാതയിലൂടെ നയിക്കാൻ, നിരാശയുടെ അന്ധകാരത്തിൽ അലയുന്നവർക്ക് പ്രത്യാശയുടെ ആശ്രയമരുളാൻ മലമുകളിൽ ഉയർത്തപ്പെട്ട ദേവാലയത്തിന്റെ സന്നിധ്യം അനിവാര്യമാണ്.

പക്ഷെ, ജറുസലേം ദേവാലയത്തിന്റെ അവസ്ഥ ഇതല്ലായിരുന്നു. ജറുസലേം ദേവാലയത്തിൽ ഉയർന്ന് കേട്ടിരുന്നത് മനുഷ്യമക്കളുടെ ദീനരോദനമല്ലായിരുന്നു. മറിച്ച്, ആടുമാടുകളുടെ മുക്രയും നിലവിളിയും പ്രാവുകളുടെ കുറുകലും നാണയമാറ്റക്കാരുടെ നാണയകിലുക്കവുമായിരുന്നു. സമൂഹത്തിന്റെ മനഃസാക്ഷിയുടെ കാവൽപ്പുരയായ ദേവാലയം ഇത്രമാത്രം അധഃപതിച്ചതിൽ പ്രകോപിതനായാണ് കർത്താവ് ചാട്ടയെടുക്കുന്നത്. പുരോഹിതൻപ്പോലും കൊള്ളയ്ക്കും കൊള്ളിവയ്പ്പിനും കൂട്ടുനിൽക്കുന്നു. ഹോസിയ പ്രവാചകന്റെ പുസ്തകത്തിൽ സമൂഹത്തിന്റെ അവസ്ഥയെ കാണിച്ച് തന്നിട്ട് പഴയനിയമപുരോഹിതൻമാരുടെ അക്രമത്തിനെതിരെ പ്രവാചകൻ ശബ്ദമുയർത്തുന്നുണ്ട്. "ഇവിടെ വിശ്വസ്തതയോ സ്നേഹമോ ഇല്ല. ദൈവവിചാരം ദേശത്ത് അറ്റ്പോയിരിക്കുന്നു. ആണയിടലും കൊലപാതകവും വഞ്ചനയും മോഷണവും വ്യഭിചാരവും സീമാതീതമായിരിക്കുന്നു. ഒന്നിനുപ്പുറകെ ഒന്നായി കൊലപാതകങ്ങൾ നടക്കുന്നു. അതിനാൽ ദേശം വിലപിക്കുന്നു; അതിലെ സകല നിവാസികളും ക്ഷയിക്കുന്നു; വയലിലെ മൃഗങ്ങളും ആകാശത്തിലെ പറവകളും സമുദ്രത്തിലെ മത്സ്യങ്ങൾപ്പോലും അപകരിക്കപ്പെടുന്നു" (ഹോസിയ 4,1.-3). തുടർന്ന് ഹോസിയപ്രവാചകൻ ഇതിനുത്തരവാദികളായി ചൂണ്ടിക്കാണിക്കുന്നത് പുരോഹിതഗണത്തെയാണ്. "പുരോഹിത, നിനക്കെതിരെയാണ് എന്റെ ആരോപണം. പട്ടാപകൽ നീ കാലിടറി വീഴും. പ്രവാചകനും രാത്രി നിന്നോടൊപ്പം കാലിടറി വീഴും" (ഹോസിയ 4,4). പുരോഹിതൻ ജാഗ്രത പാലിക്കാത്തതിന്റെ ഫാലമാണ് ഒരു ജനത്തിന്റെ നാശമെന്ന് പ്രവാചകൻ ചൂണ്ടിക്കാണിക്കുകയാണ്.

പെരുത്ത് ജാഗ്രതയോടും ശ്രദ്ധയോടും കൂടി വേണം ജനത്തിന്റെ മുറിവുകൾ പുരോഹിതൻ വച്ചുക്കെട്ടാൻ. എന്നാൽ, പുരോഹിതനും പ്രവാചകൻമാരും ലാഭം മാത്രം ലക്ഷ്യമിടുമ്പോൾ സൗഖ്യം സമ്മാനിക്കേണ്ടവൻ വ്രണം കുത്തി പഴുപ്പിക്കുന്നവനായി മാറ്റപ്പെടുകയാണ്. അന്യായലാഭത്തിൽ ആർത്തി വയ്ക്കുമ്പോൾ വിശുദ്ധമായത് വിശുദ്ധമായി കൈകാര്യം ചെയ്യേണ്ടതിന് പകരം അശ്രദ്ധമായും അശുദ്ധമായും പുരോഹിതൻ കൈകാര്യം ചെയ്യുന്നു. സൗഖ്യം നൽകേണ്ടവൻ സമ്മാനിച്ച വ്രണം വച്ചുകെട്ടാനായി ജനം അന്യകൂടാരങ്ങൾ കയറിയിറങ്ങുന്ന കാഴ്ച്ചകൾ ഇന്ന് വിരളമല്ല. ഈ ജനത്തിനുപിന്നാലെ ചാട്ടവാറുമായി പോകുന്നതിനുമുമ്പ് വിശുദ്ധികരിക്കേണ്ടത് ദൈവം

ദേഹം ദേവാലയമാണെന്ന് പഠിപ്പിച്ച ഈശോ ഇന്ന് നമ്മുടെ ശരീരമാകുന്ന ദേവാലയത്തിലേയ്ക്ക് നോക്കാനാണ് ആവശ്യപ്പെടുന്നത്.... ദേവാലയം ശുദ്ധീകരിക്കുന്ന ഈശോയ്ക്കുമുമ്പിൽ നമ്മുടെ ശരീരങ്ങളെയും സമർപ്പിക്കാം. വിശുദ്ധിയുടെ വസ്ത്രത്താൽ ഞങ്ങളുടെ ജീവിതങ്ങളെ പുതയ്പ്പിക്കണമെയെന്ന് പ്രാർത്ഥിക്കാം...

വസിക്കുന്ന ദേവാലയത്തിലെ ഉള്ളറകളെയാണ്. ഇവിടെയാണ് കർത്താവ് ചാട്ടയെടുക്കുന്നത്.

ഈശോ താൻ ശാന്തശീലനും വിനീത ഹൃദയനുമാണെന്ന് അസന്ദിഗ്ദ്ധമായി പ്രഖ്യാപിച്ചിട്ടുണ്ട്. "ഞാൻ ശാന്തശീലനും വിനീതഹൃദയനുമാകയാൽ എന്റെ നുകം വഹിക്കുകയും എന്നിൽ നിന്ന് പഠിക്കുകയും ചെയ്യുവിൻ. അപ്പോൾ നിങ്ങൾക്ക് ആശ്വാസം ലഭിക്കും" മത്താ 11,29). ഈശോയുടെ തിരുഹൃദയ കൊന്തയിൽ നാം എപ്പോഴും പ്രാർത്ഥിക്കാറുള്ളതും ഇത് തന്നെയാണ്. "ഹൃദയശാന്തതയും എളിമയുമുള്ള ഈശോയെ എന്റെ ഹൃദയം അങ്ങയുടെ തിരുഹൃദയം പോലെ ആക്കണമെ..." എന്നാൽ, ഇന്ന് 'ശാന്തശീലൻ' എന്നവകാശപ്പെട്ടവൻ ചാട്ടവാറെടുക്കുന്നു. 'വിനീതഹൃദയൻ' എന്നറിയപ്പെട്ടവൻ ധാർഷ്ട്യത്തോടെ പെരുമാറുന്നു. 'ബലിയല്ല കരുണയാണ് വലുതെന്ന് പഠിപ്പിച്ച്' എല്ലാവരോടും കരുണ കാണിക്കണമെന്ന് ഓർമ്മപ്പെടുത്തുന്നവൻ കാരുണ്യമില്ലാത്തവനെപ്പോലെ പെരുമാറുന്നു. മലയിലിരുന്ന് 'ശാന്തശീലരെ നിങ്ങൽ ഭൂമി അവകാശമാക്കുവിൻ' (മത്താ 5,5) എന്ന് പറഞ്ഞവൻ ഇന്ന് ക്രുദ്ധനാകുന്നു. ക്രിസ്തുവിനെകുറിച്ചുള്ള പ്രവചനം മത്തായിശ്ലീഹ കുറിക്കുന്നത് ഇപ്രകാരമാണ്, "അവൻ തർക്കിക്കുകയോ ബഹളം കൂട്ടുകയോ തെരുവീഥിയിൽ സ്വരമുയർത്തുകയോ ഇല്ല" (മത്താ 12,19). അവനാണ് ഇന്ന് ചാട്ടയെടുക്കുന്നത്. ഇതിന് ഉത്തരം കിട്ടണമെങ്കിൽ ഒരു വിശേഷണം കൂടി കർത്താവിന് മുമ്പിൽ കൂട്ടി ചേർത്താൽ മതി. കാരുണ്യവാൻ, കൃപാനിധി, കോപിക്കുന്നതിൽ വിമുഖൻ, അത്യുദാരൻ, സൗഖ്യദായകൻ എന്നിവയ്ക്ക് പുറമെ '**തിന്മ വച്ചു പൊറുപ്പിക്കാത്തവൻ**' എന്നുകൂടി കൂട്ടി ചേർത്താൽ മതി.

പ്രാർത്ഥനായലം കച്ചവടസ്ഥലമാക്കുന്ന വലിയ വിപത്ത് ഈശോ നേരിട്ട് കാണുകയാണ്. കർത്താവിന്റെ കാഴ്ച്ചപ്പാടിൽ ദേവാലയത്തിൽ മൂന്ന് കാര്യങ്ങളാണ് നടക്കേണ്ടത്;

1. പരിപാവനമായ അനുഷ്ഠാനങ്ങൾ
2. ജനങ്ങളുടെ ആത്മീയ സമ്മേളനങ്ങൾ
3 മനുഷ്യമക്കളുടെ ഹൃദയം നുറുങ്ങിയുള്ള പ്രാർത്ഥനകളും സ്തുതി ഗീതങ്ങളും.

പക്ഷെ, ജറുസലേം ദേവാലയത്തിൽ അരങ്ങേറിയിരുന്നത് ഇതല്ല. ഇതാണ് കർത്താവിനെ ചൊടുപ്പിച്ചത്. കർത്താവ് പറയുന്നു, "ജറുസലേം ദേവാലയം കച്ചവടസ്ഥലവും കവർച്ചക്കാരുടെ ഗുഹയുമാക്കി തീർത്തിരിക്കുന്നുവെന്നാണ്. ഒരു സമൂഹത്തിനുണ്ടാകാവുന്ന മൂല്യങ്ങൾ ചോർന്ന് അതിന്റെ പരമകോടിയിലെത്തുമ്പോഴാണ് ദേവാലയത്തിലും ചൂഷണം ആരംഭിക്കുന്നത്. കച്ചവടകേന്ദ്രങ്ങളിലാരംഭിച്ച് തെരുവുകളിൽനിന്ന് സൂപ്പർമാർക്കറ്റിലേയ്ക്കും അവിടെനിന്ന് ഭരണസിരാകേന്ദ്രങ്ങളിലേയ്ക്കും വ്യാപിച്ച് ഏറ്റവും ഒടുവിൽ എത്തിചേരാവുന്ന ഇടമാണ് ദേവാലയം. ഇവിടെയാണ് കർത്താവ് തന്റെ രണ്ടാം ആഗമനത്തെ കുറിച്ച് പറഞ്ഞിരിക്കുന്നത് മുഖവിലയ്ക്കെടുക്കേണ്ടത്, 'വിനാശത്തിന്റെ, അശുദ്ധിയുടെ ലക്ഷണങ്ങൾ നിൽക്കേണ്ടടത്ത് നിൽക്കുന്നത് കാണുമ്പോൾ നിങ്ങൾ ഓർത്തുക്കൊള്ളുക അവസാനം ആരംഭിച്ചിരിക്കുന്നു.'

മൂല്യങ്ങൽ കീഴ്മറിയുന്ന ഇത്തരണത്തിലുള്ള ദുരന്തങ്ങൾ എന്റെ ജീവിതത്തിലും കുടുംബത്തിലുമുണ്ടോ? ജറുസലേം ദേവാലയം ആരംഭിച്ചപ്പോൾ അവസ്ഥ ഇതല്ലായിരുന്നു. പക്ഷെ, കാലക്രമത്തിൽ ഇപ്രകാരത്തിലേയ്ക്ക് ജറുസലേം ദേവാലയം മാറ്റപ്പെട്ടു. നമ്മുടെ വ്യക്തിപരമായ ജീവിതത്തിലും കുടുംബത്തിലും ഇപ്രകാരത്തിലുള്ള മൂല്യങ്ങളിലുള്ള ശോഷണം ആരംഭിച്ചിട്ടുണ്ടോ? വലിയ ലക്ഷ്യങ്ങൾക്ക് വേണ്ടി വലിയ ആവേശത്തോടെയും വലിയ തീക്ഷ്ണതയോടെയും ആരംഭിച്ചിരിക്കുന്ന ഇന്നത്തെ നമ്മുടെ അവസ്ഥ എപ്രകാരമാണ്? പൗലോസ് ശ്ലീഹ കോറിന്തോസുക്കാർക്കെഴുതിയ തന്റെ

കർത്താവ് പറയുന്നു,
"എന്റെ ആലയം
എല്ലാ ജനങ്ങൾക്കുമുള്ള
പ്രർത്ഥനാലയം എന്ന്
വിള്ളിക്കപ്പെടുമെന്ന്."
അവിടെ ആർക്കും
കയറാം...
പ്രാർത്ഥിക്കാം...
ആശ്വാസം തേടാം...
'ശരീരം ദേവാലയമെന്ന്'
പഠിപ്പിച്ചവൻ ഇന്ന്
നമ്മോട് ചോദിക്കുന്നു,
"നിന്നിൽ നിന്ന്
നീ ആരെയെങ്കിലും
അകറ്റിനിർത്തിയിട്ടുണ്ടോ?
പണത്തിന്റെയും,
പ്രതാപത്തിന്റെയും,
അധികാരത്തിന്റെയും
പേരിൽ?"

ഒന്നാമത്തെ ലേഖനത്തിൽ ഓർമ്മപ്പെടുത്തുന്നുണ്ട്, "ശരീരം ദേവാലയമാണ്" (1കോറി 6,19). ദേവാലയം വിശുദ്ധീകരിക്കുന്ന കർത്താവിനെ ഇന്ന് നാം വിചിന്തന വിഷയമാക്കുമ്പോൾ നാം ചിന്തിക്കേണ്ടതും പരിചിന്തനം ചെയ്യേണ്ടതും ഇതുകൂടിയാണ്. 'ദൈവത്തിന്റെ ആലയമായ നമ്മുടെ ശരീരങ്ങൾ ഇന്ന് വിശുദ്ധവും മാന്യവുമായ ആരാധന സ്ഥലങ്ങളാണോ? പരിശുദ്ധാത്മാവിന്റെ ആവാസത്താൽ ശക്തിപ്പെട്ട നമ്മുടെ ശരീരത്തിൽ, ആത്മാവിൽ പരിശുദ്ധാത്മാവ് കുടികൊള്ളുന്നുണ്ടോ?'

ചാട്ടാവാറുണ്ടാക്കിയ
ഈശോ
ആരെയും അടിക്കുന്നില്ല...
എങ്കിൽ,
ചാട്ടവാറ് അടിക്കാനുള്ള
ഉപകരണം മാത്രമല്ല.
മറിച്ച്,
പേടിപ്പിക്കാനുള്ള
ഉപകരണം കൂടിയാണ്.
എങ്കിൽ,
ചാട്ട സ്നേഹത്തോടെയും
കോപത്തോടെയും
ഉപയോഗിക്കാം.

മനോഹരമായ ഒരു കഥകേട്ടിട്ടുണ്ട്. അത് ഇപ്രകാരമാണ്; ഒരു വലിയ വീട്ടിൽ കർത്താവ് അഥിതിയായി എത്തി. ആ വീട്ടിലെ ഏറ്റവും മനോഹരവും സുന്ദരവുമായ മുറി കർത്താവിന് അന്തിയുറങ്ങാൻ കൊടുത്തു. എല്ലാവരും ഉറങ്ങാൻ പോയി. രാത്രിയായപ്പോൾ വാതിൽ മുട്ടു കേട്ട് കുടുംബനാഥൻ എഴുന്നേറ്റ് വാതിൽ തുറന്നപ്പോൾ കണ്ട കാഴ്ച്ച വാതിലിനപ്പുറത്ത് ചെകുത്താൻ. പിറ്റേദിവസം കുടുംബനാഥൻ കർത്താവിനോട് കാര്യ പറഞ്ഞു; "അങ്ങ് ഇവിടെ വസിച്ചിട്ടും ചെകുത്താനും ഇന്നലെ വന്ന് വാതിലിൽ മുട്ടിയെന്ന്." കർത്താവ് പറഞ്ഞു, "അതിന് നീ എനിക്ക് ഇന്നലെ ഒരു മുറി മാത്രമല്ലേ തന്നത്. അവിടേയ്ക്ക് ചെകുത്താൻ വന്നില്ല എന്ന്." കുടുംബനാഥന് കാര്യം മനസിലായി. അന്നുറങ്ങാൻ പോകുന്നതിന് മുമ്പ് വീട്ടിലെ മുഴുവൻ വാതിലും തുറന്ന് കർത്താവിനെ ആ കുടുംബത്തിന്റെ നാഥനാക്കി. പാതിരാത്രിയായപ്പോൾ വീണ്ടും വാതിലിൽ ഒരു മുട്ടും തട്ടും. കുടുംബനാഥൻ വാതിൽ തുറന്ന് നോക്കിയപ്പോൾ വീണ്ടും ചെകുത്താൻ തന്നെയാണ്. പിറ്റേദിവസം, അതിരാവിലെ കർത്താവിനെ വിളിച്ച് ഏറെ പരിഭവത്തോട് കൂടി കർത്താവിനോട് കാര്യങ്ങളെല്ലാം പറഞ്ഞു. കർത്താവ് പറഞ്ഞു, "മോനെ, നീ നിന്റെ കുടുംബത്തിന്റെ എല്ലാ വാതിലും തുറന്ന് നിന്റെ കുടുംബത്തിന്റെ നാഥനായി എന്നെ നീ അവരോധിച്ചു. നല്ല കാര്യം, പക്ഷെ, തുറക്കാത്ത വാതിലായി ഒന്നുകൂടിയില്ലേ ഈ വിട്ടിൽ. അത് നിന്റെ ഹൃദയമാണ്." അന്ന് ഹൃദയം നൊന്ത് കരഞ്ഞ അയ്യാൾ ഉറങ്ങാൻ പോകുന്നതിന് മുമ്പ് "ദൈവമേ, പൂർണമായി ഞാൻ എന്നെ അങ്ങേയ്ക്ക് തരുന്നു" എന്ന് പറഞ്ഞ് ഉറങ്ങാൻ പോവുകയാണ്. അന്ന് രാത്രി സാത്താൻ വന്ന് വാതിലിൽ മുട്ടിയപ്പോൾ വാതിൽ തുറന്നത് ദൈവമാണ്.

പൂർണ്ണമായും ദൈവത്തിന് സമർപ്പിക്കേണ്ട ഇടങ്ങളെ മറ്റുപലർക്കായി പങ്കുവച്ചിട്ടുണ്ടോ? എങ്കിൽ, കർത്താവ് പറയുന്ന "കള്ളൻമാരുടെയും കവർച്ചക്കാരുടെയും ഗുഹയെന്നുപറയുന്നതിൽ എന്റെ ശരീരം കൂടി ഉൾപ്പെടും." ദേവാലയ ശുദ്ധീകരണം എന്റെ ഉള്ളും ഉള്ളവും കൂടി ശുദ്ധീകരിക്കാനുള്ള ഒരാഹ്വാനമായി മാറ്റിയെടുക്കാൻ എനിക്ക് സാധിക്കണം.